നടപടികളും സ്വീകരിക്കുകയും ആയതിൽ പരേതന്റെ വിധവയ്ക്ക് അർഹമായ ഓഹരി പിൻവലിച്ചു നൽകുകയും, പ്രായപൂർത്തിയാകാത്ത അവകാശികൾക്ക് പ്രോവിഡന്റ് ഫണ്ട് തുകയുടെ ഓഹരി നൽകുന്നതിനും രക്ഷാകർതൃത്വം തെളിയിക്കുന്നതിനാവശ്യമായ രേഖകളും ഹാജരാക്കുന്നതിന് പരേതന്റെ വിധവയോടു ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കുടുംബക്ഷേമ പദ്ധതി പ്രകാരം ടിയാന്റെ ആശ്രിതർക്കു (അവകാശികൾക്കു) ലഭിക്കുവാനുള്ള തുക, ടിയാൻ യഥാവിധി പ്രകാരമുള്ള നോമിനേഷൻ ഫയൽ ചെയ്തിട്ടില്ലാത്തതുകൊണ്ട് കൊടുക്കുവാൻ സാധിച്ചിട്ടില്ല. ഈ തുക അവകാശപ്പെട്ടവർക്കു ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സർവ്വീസിലിരിക്കെ മരണമടയുന്ന ജീവനക്കാരുടെ ആശ്രിതർക്ക് ജോലി ലഭിക്കുന്ന സ്കീം അനുസരിച്ച് പരേതന്റെ വിധവയുടെ അപേക്ഷ പരിഗണിച്ചുവരികയും ചെയ്യുന്നുണ്ട്.

(ഇ) സ്വീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ മുൻ ചോദ്യത്തിന്റെ ഉത്തരത്തിൽ കൊടുത്തിട്ടുണ്ട്.

തിരുവനന്തപുരം ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി

1282 [2307] ശ്രീ. സി. വാസുദേവമേനോൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്നാണു പണിയാരംഭിച്ചത്; എന്നേക്കു പൂർത്തിയാക്കാനാണു ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) ഇൻഡോർ സ്റ്റേഡിയത്തിന്റെ പണി ഇപ്പോൾ സ്തംഭിച്ചിരിക്കുകയാണോ;

(ഡി) എങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒന്നാം ഘട്ടം പണി 1971–72–ൽ ആരംഭിച്ചു. കഴിവതും വേഗം സ്റ്റേഡിയം പണി പൂർത്തിയാക്കാനാണു ഉദ്ദേശിച്ചിട്ടുള്ളത്.

(സി, ഡി) സ്റ്റേഡിയത്തിന്റെ പണി ചില സാങ്കേതിക കാരണങ്ങളാൽ ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

II. ശ്രദ്ധ ക്ഷണിക്കൽ

(1) ടാക്സി ഡ്രൈവർമാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, കേരളത്തിലെ ഉദ്ദേശം 5 ലക്ഷത്തോളംവരുന്ന ടാക്സി ഡ്രൈവർമാരുടെ ഇപ്പോഴത്തെ
9.30 a. m. ദയനീയാവസ്ഥ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ടാക്സികാർ(ട്യൂറിസ്റ്റ് ടാക്സിയായാലും സാധാരണ ടാക്സി ആയാലും) ഓടിച്ച് അഞ്ചുലക്ഷത്തോളം വരുന്ന ടാക്സി ഡ്രൈവർമാർ ഉപജീവനം നടത്തിവരികയാണ്. ഈയിടെ അവരെ ജോലി ചെയ്യാൻ

LIBRARY ARCHIVES Kerala Legislative Assembly

അനുവദിക്കാത്തവിധത്തിൽ ഗവൺമെൻറ് അവരെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതാണ് എനിക്ക് ഗവൺമെൻറിനെ അറിയിക്കാനുള്ളത്. സർ, ഈ അടുത്തകാലത്ത് സർക്കിൾ ഇൻസ്പെക്ടർ, സബ് ഇൻസ്പെക്ടർ തുടങ്ങിയ ഉദ്യോഗസ്ഥൻമാർ ടാക്സികളും ടൂറിസ്റ്റ് ടാക്സികളും ഉടമപ്പെടെയുള്ള വാഹനങ്ങളെ ഏതു സമയത്തും വഴിയിൽ തടഞ്ഞു നിറുത്തി പരിശോധിച്ച് അവിടെവച്ചുതന്നെ പിഴ നിശ്ചയിച്ച് രസീതു കൊടുത്ത് പണം വാങ്ങുന്ന ഒരു ഏർപ്പാട് ഉണ്ട്. ഇത് അടുത്തകാലത്തുണ്ടായ ഏറ്റവും വലിയൊരു ബുദ്ധിമുട്ടാണ്. ഈ അധികാരം ഇപ്പോഴും സാധാരണ പോലീസുകാർക്കുവരെ കൊടുത്തിരിക്കുകയാണ്. ഒരു ട്രിപ്പുമായി ഓടിച്ചുപോകുന്നതിനിടയിൽ പല സ്ഥലത്തു വച്ചും ഒരേ വണ്ടിതന്നെ തടുത്തുനിറുത്തി പരിശോധിച്ച് എല്ലാ സ്ഥലത്തും പിഴ ഈടാക്കുന്നു. മുൻ പോയിൻറിൽവച്ച് പരിശോധിച്ച് പിഴ അടച്ച രസീതു കാണിച്ചാൽപോലും പിഴ വീണ്ടും അടയ്ക്കേണ്ടി വരുന്നു. ഒരു ഉദാഹരണം പറയാം. തൃശൂരിൽനിന്നും എറണാകുളത്തേക്കു വരുന്ന ഒരു ടാക്സിക്ക് അഞ്ചാറു പോയിൻറിൽ ചെക്കിംഗ് ഉണ്ടാകുന്നുണ്ട്. തൃശൂർ ടൗണിൽ ചെക്കിംഗുണ്ട്. പുതുക്കാട് വരുമ്പോൾ പോലീസ് ചെക്ക് ചെയ്യുന്നുണ്ട്. അങ്കമാലിയിലും കളമശ്ശേരിയിലുമുണ്ട്. എറണാകുളം നോർത്ത് ഓവർബ്രിഡ്ജിനു കിഴക്കുഭാഗത്തുണ്ട്, പടിഞ്ഞാറു ഭാഗത്തുണ്ട്. ഇതിനിടയിൽ മൂന്നു നാലു സ്ഥലത്തുവച്ചെങ്കിലും ഇവർ തടഞ്ഞു നിറുത്തി പിഴ വസൂലാക്കുന്നുണ്ട്. ഓരോ മേഖലയിൽനിന്നും ഖജനാവിലേക്ക് ഇത്ര രൂപാവീതം പിരിച്ചുകൊടുക്കണമെന്ന് പോലീസുകാർക്കു ഗവൺമെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ടെന്നാണ് ലെക്കും ലഗാനുമില്ലാതെ ഇങ്ങനെ പിഴ ഈടാക്കുന്നു എന്ന പരാതിയുമായി ചെല്ലുന്ന ആളുകളോട് പറയുന്നത്. ഞങ്ങളെ എന്തുചെയ്യാനാണ്, ഞങ്ങൾക്ക് ഇത്ര രൂപ കളക്ട് ചെയ്യണമെന്നുണ്ട്, എന്നാണ് പോലീസുദ്യോഗസ്ഥൻമാർ പറയുന്നത്. ഈ വിധത്തിൽ ഇവരെ ഉപദ്രവിക്കുന്നതിനു ഒരു ന്യായീകരണവുമില്ല. വണ്ടി തടഞ്ഞു നിറുത്തിയാൽ എല്ലാ കടലാസുകളും ശരിയാണെങ്കിലും യൂണിഫോം, ഫസ്റ്റ്. എയിഡ് ബോക്സ് എല്ലാം ശരിയാണെങ്കിൽപ്പോലും എന്തെങ്കിലും കാരണം പറഞ്ഞ് പിഴ അടപ്പിക്കാതെ അവിടെ നിന്നും പറഞ്ഞു വിടുന്ന ഏർപ്പാടില്ല. അതിന് ഞാൻ ഒരു ഉദാഹരണം പറയാം. ഫസ്റ്റ് എയിഡ് ബോക്സ് പരിശോധിക്കുമ്പോൾ അതിൽ ഒരു കുറവുമില്ലെങ്കിൽ പറയും മരുന്നു വേണ്ടത്രയില്ല, കുറച്ചേയുള്ളൂ, അതിനകത്ത് പച്ച ഈർക്കിൾ വച്ചിട്ടില്ല എന്ന്. ആ കാരണം കൊണ്ട് പിഴ അടച്ച കേസ്വരെ ഉണ്ടായിട്ടുണ്ട്. ടാക്സിക്കാർ ദിവസേന വീട്ടിൽനിന്നിറങ്ങുമ്പോൾ ട്രിപ്പ് കിട്ടിയാലും ഇല്ലെങ്കിലും പിഴ അടയ്ക്കാൻ കുറെ പണം കൈവശം വച്ചുകൊണ്ടേ റോഡിലേക്കു വരാൻ പാടുള്ളൂ എന്നുള്ളതാണ് ഇപ്പോഴത്തെ അവസ്ഥ. അവർക്ക് എങ്ങനെ കഴിഞ്ഞുകൂടാനാകും? അവർക്ക് പണിയെടുത്തു ജീവിക്കണ്ടേ? എപ്പോഴും കാശുമായി പുറത്തിറങ്ങുവാൻ സാധിക്കുമോ? രണ്ടാഴ്ചക്കു മുൻപ് തൃശൂരിൽനിന്ന് എറണാകുളത്തേക്ക് വന്ന ഒരു വണ്ടിയെ എറണാകുളത്തുവച്ചു പിടിച്ചു. അയാളുടെ പക്കൽ പിഴ അടയ്ക്കാനുള്ള കാശുണ്ടായിരുന്നില്ല. അയാളുടെ ലൈസൻസ് വാങ്ങിവച്ചു. മൂന്നാമത്തെ ദിവസമാണ് ലൈസൻസ് കൊടുത്തത്. ലൈസൻസില്ലാതെ അയാൾക്ക് വണ്ടി ഓടിക്കാൻ പറ്റുമോ? രണ്ടുമൂന്നു ദിവസം പിന്നെയും തുടർച്ചയായി അയാൾ പട്ടിണി കിടക്കേണ്ടി വന്നു. സർ, എറണാകുളത്ത് അഖില കേരള സ്വതന്ത്ര മോട്ടോർ ഡ്രൈവേഴ്സ് യൂണിയൻറെ ജില്ലാ സെക്രട്ടറി ശ്രീ. ജോസ് കഴിഞ്ഞ ഒരു ദിവസം വർക്കുഷോപ്പിൽനിന്ന് അയാളുടെ വണ്ടി കേടായതു നന്നാക്കിക്കൊണ്ടു വരികയായിരുന്നു. ലിസി ജംഗ്ഷനിൽ

LIBRARY ARCHIVES Kerala Legislative Assembly

വച്ച് അയാളുടെ വണ്ടി തടഞ്ഞുനിറുത്തി ചെക്ക് ചെയ്യുകയുണ്ടായി അയാൾക്ക് അപ്പോൾ യൂണിഫോറം ഇല്ലായിരുന്നു. വർക്ക്ഷോപ്പിൽ നിന്നും വണ്ടി ഇറക്കിക്കൊണ്ടുവരികയായിരുന്നു. യൂണിഫോറമിടാൻ പററിയില്ല. അയാളുടെ അടുത്തു പിഴ അടയ്ക്കാൻ കാശുണ്ടായിരുന്നില്ല. അയാളുടെ ലൈസൻസ് വാങ്ങിവച്ചു. ഇതുവരെ കൊടുത്തില്ല. അയാൾ എങ്ങനെ ജീവിക്കും? അടയ്ക്കേണ്ട പിഴ പോലീസ് ആർബിട്രേഷൻ നിശ്ചയിക്കും. ഹോട്ടലുകളിലൊക്കെ വട, ദോശ തുടങ്ങി ഓരോ ഇനത്തിനേറയും വിലയെഴുതി കാർഡ് വച്ചിരിക്കുന്നതുപോലെ പോലീസുകാർ ഓരോ ഐററത്തിനും പിഴ നിശ്ചയിച്ചിട്ടുണ്ട്. ആ പിഴ ഏതെങ്കിലും രണ്ടെണ്ണം ചാർജ്ജ് ചെയ്തു കൊടുക്കുകയാണ്. ഇതിന് ഒരു പരിഹാരമുണ്ടാക്കണം. അതുപോലെതന്നെ വളരെ അത്യാസന്നനിലയിൽ ഒരു രോഗിയെ കൊണ്ടുപോയ കാറ് ലിസ്സി ജംഗഷ്നിൽ തടഞ്ഞു

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

നിറുത്തി: പിഴയിട്ടു. പിഴ അടയ്ക്കാൻ ഡ്രൈവറുടെ കയ്യിൽ കാശുണ്ടായിരുന്നില്ല. വണ്ടിയിലുണ്ടായിരുന്ന രോഗിയുടെ ആരം പറഞ്ഞു ആശുപത്രിയിലേക്കു പോകുകയാണ് ഞങ്ങളെ വിട്ടതിനുശേഷം ഇവരെ പിടിച്ചു നിറുത്തു എന്ന്. എന്നിട്ടും വിട്ടില്ല. കാശ് കൊടുത്തുകഴിഞ്ഞാലേ വിടുകയുള്ളൂ എന്നു പറഞ്ഞു. അത്യാസന്ന നിലയിൽ രോഗിയെ കൊണ്ടുപോകുന്ന വണ്ടിപോലും തടഞ്ഞു നിറുത്തി പിഴ വസൂലാക്കുന്നത് വളരെ ക്രൂരമാണ്. ഇത്രമാത്രം ക്രൂരമായി ടാക്സി ഡ്രൈവർമാരെ ഉപദ്രവിക്കരുതെന്നാണ് എനിക്കു പറയാനുള്ളത്. ഇതിന് ഒരു എളുപ്പ മാർഗ്ഗമുണ്ട്. ടാക്സികളുടെ രേഖകം എല്ലാവരും പരിശോധിക്കേണ്ട കാര്യമുണ്ടോ? ഒരിക്കൽ സമഗ്രമായി പരിശോധിച്ചിട്ട് പരിശോധന നടത്തിയവർ ചെക്ക്ഡ് എന്ന് ഒരു സ്ടിക്കർ ഒട്ടിച്ചുകൊടുത്താൽ പിന്നെ മൂന്നു മാസത്തേക്ക് അവരെ സൈരമായി വിട്ടുകൂടേ? വീണ്ടും മൂന്നു മാസം കഴിഞ്ഞിട്ട് അവരെ ചെക്ക് ചെയ്താൽപ്പോരേ? ഇങ്ങനെ ദിവസവും ചെക്ക് ചെയ്യേണ്ട കാര്യമുണ്ടോ? ദിവസവും പരിശോധന നടത്തുന്നത് ദിവസവും കാശ് വാങ്ങാനാണ്. ഇതു സംബന്ധിച്ച് വിവിധ ട്രേഡ്യൂണിയനുകം മുഖ്യമന്ത്രിക്ക് നിവേദനം കൊടുത്തിട്ടുണ്ട്. മൂന്നു മാസം കൊണ്ട് വണ്ടികം ചെക്ക് ചെയ്തിട്ട്, ആ വണ്ടികം വീണ്ടും ചെക്ക് ചെയ്യുന്ന ഏർപ്പാടിൽനിന്ന് ഒഴിവാക്കണമെന്ന് അവർ ആവശ്യപ്പെട്ടിട്ടുണ്ട്. അത് ഇതുവരെ അനുവദിച്ചു കിട്ടിയിട്ടില്ല. ശരിയാക്കാമെന്നു മുഖ്യമന്ത്രി പറഞ്ഞാലും ഒന്നും ശരിയാകുന്നില്ല.

സർ, എസ്കോർട്ടിന്റെ കാര്യം പറയേണ്ട കാര്യമില്ല. മുഖ്യമന്ത്രിയുടെ വണ്ടി 120 കിലോമീറർ വേഗതയിലാണ് ഓടുന്നത്. ചിലപ്പോം ടൂറിസ്റ്റ് ടാക്സിക്കാരെ എസ്കോർട്ടിനു വിളിക്കാറുണ്ട്. മുഖ്യമന്ത്രിയുടെ കാറിന് ഒപ്പം ഓടാൻ അംബാസഡർ കാറിന് സാധിക്കുകയില്ല. അതിന്റെ ഫലമായി ആക്സിഡന്റുണ്ടാകാറുണ്ട്. ആക്സിഡന്റുണ്ടായാൽ അക്കാര്യത്തിൽ ഡ്രൈവറുടെയോ, വണ്ടിയുടെയോ യാതൊരു അപകടത്തിനും ഡിപ്പാർട്ടുമെന്റ് ഉത്തരവാദിയല്ല. ആക്സിഡന്റിന്റെ കാര്യത്തിൽ എസ്കോർട്ടു പോയിട്ടുള്ള ഒരു വണ്ടിയുടെ യേനീയമായിട്ടുള്ള ഒരുദാഹരണം ഞാൻ പറയാം. 13-2-1985-ൽ നമ്മുടെ ബഹുമാന്യ മന്ത്രി ശ്രീ. ബാലകൃഷ്ണപിള്ളയ്ക്ക് എറണാകുളത്തുനിന്നും എസ്കോർട്ടു വരാൻവേണ്ടി ഒരു വണ്ടി പിടിച്ച് തിരുവനന്തപുരത്തു വന്നു. ആ വണ്ടി വിളിച്ചപ്പോംതന്നെ അവർപറഞ്ഞു അതിന്റെ ടയർ ശരിയല്ലെന്നും. അതു അവിടംവരെ എത്തുമോയെന്നുള്ള കാര്യം സംശയമാണെന്നും പറഞ്ഞതാണ്. പക്ഷെ പോലീസുകാർ വിട്ടില്ല. പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

നിർബന്ധിച്ച് അവരെ വിളിച്ചുകൊണ്ടുവന്നു. ഭാഗ്യത്തിന് ശ്രീ. ബാല കൃഷ്ണപിള്ളയെ ഇവിടെ എത്തിക്കുന്നതുവരെ പ്രശ്നമൊന്നുമുണ്ടായില്ല. മടങ്ങിപ്പോകുന്ന വഴിക്ക് ചേർത്തലയ്ക്കു തെക്കുവശം വച്ച് ടയർ കീറി. വീണ്ടും സ്പെയറിട്ടു. ആ സ്പെയറുംപോയി. അവർ പറഞ്ഞിരുന്നതാണ്. വണ്ടി കണ്ടീഷനല്ലെന്ന്. വെളുപ്പിനു മൂന്നുമണിയായപ്പോൾ ചേർത്തല എസ്.എൻ. കോളേജു വാതുക്കൽ വച്ച് വണ്ടി കൂട്ടപ്പുറത്തുകയറി. അതിൽ ഒരു പോലീസുകാരനും ഒരു സബ് ഇൻസ്പെക്ടറുമുണ്ടായിരുന്നു. എസ്. ഐ. പുറകിലും പോലീസുകാരനും ഡ്രൈവറും മുൻപിലുമാണ് ഇരുന്നത്. വെളുപ്പിനു ഒരു മാർഗ്ഗവുമില്ലാത്തതുകൊണ്ട് അവർ അതിനകത്തിരുന്നു ഉറങ്ങി. നിയന്ത്രണം വിട്ടുവന്ന ഒരു ലോറി വണ്ടിയിൽ ഇടിച്ചു. ആ സ്ഥലത്തുവച്ചുതന്നെ എസ്. ഐയും ഡ്രൈവറും മരിച്ചു. എസ്. ഐയ്ക്ക് കിട്ടേണ്ട ആനുകൂല്യങ്ങളും അവകാശങ്ങളും ലഭിച്ചു. എന്നാൽ നിർബന്ധിച്ച് വിളിച്ചുകൊണ്ടുവന്ന ഡ്രൈവറുടെ കാര്യമോ? അയാളുടെ ആറുമാസം ഗർഭിണിയായ ഭാര്യക്ക് ഒരു നയാപൈസപോലും സഹായം ഈ സർക്കാർ കൊടുത്തില്ല. സർ, എസ്കോർട്ടായിട്ട് നിർബന്ധിച്ച് വിളിച്ചുകൊണ്ടുവരികയും അതുമൂലം അപകടം ഉണ്ടാകുമ്പോൾ ആ ഡ്രൈവറുടെ കുടുംബം പട്ടിണി കിടന്നു ചാകട്ടെയെന്നു വയ്ക്കുകയും ചെയ്യുന്ന സമീപനം ശരിയല്ല. അതു സംബന്ധിച്ച് മുഖ്യമന്ത്രിയ്ക്ക് നിവേദനം കൊടുത്തിട്ട് രണ്ടു മാസമായി. ഇന്നുവരെ യാതൊരു നടപടിയും ഉണ്ടായില്ല. ഇത്തരം എസ്കോർട്ട് നിർബന്ധിച്ചു വിളിച്ചുകൊണ്ടുപോകുകയാണെങ്കിൽ ആ വണ്ടിയിൽ പോകുന്ന ഡ്രൈവർക്ക് ഉണ്ടാകാവുന്ന അപകടത്തിന് ഒരു പരിഹാരം അല്ലെങ്കിൽ ഒരു സഹായമെങ്കിലും ചെയ്യണം. ടാക്സി ഡ്രൈവർമാർ സാമൂഹ്യദ്രോഹികളാണെന്നാണ് പോലീസുകാർ ധരിക്കുന്നത്. അവർക്ക് എങ്ങനെ വേണമെങ്കിലും ഉപദ്രവിക്കാം. ഇന്നലെ രാത്രി വാൽത്തുരുത്തിയിൽ പത്തു മുപ്പതു ടാക്സികൾ എയർ പോർട്ടിൽ കയറുവാൻ ക്യൂവിൽ കിടന്നിരുന്നു. ഒരു പോലീസുകാരനും രണ്ട് നാട്ടുകാരും ചേർന്ന് മദ്യപിച്ച് ലക്കില്ലാതെ ഒരു ഡ്രൈവറെ അടിച്ചവശനാക്കി. അതിനുശേഷം ഡ്രൈവർമാർ പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ, ഡ്രൈവർമാർ തല്ലിയെന്നു പറഞ്ഞ് അവിടെ കിടന്നിരുന്ന മുപ്പതു ടാക്സി ഡ്രൈവർമാരെയും എസ്. ഐ. യും കൂട്ടരും ചേർന്ന് മർദ്ദിച്ചു. അങ്ങനെ നിരന്തരമായി പോലീസുകാരുടെ ശല്യം ടാക്സിഡ്രൈവർമാർക്ക് വന്നുകൊണ്ടിരിക്കുന്നു. അതുകൊണ്ട് എനിക്ക് ഒരു നിർദ്ദേശമുണ്ട്. വഴിയിൽ വച്ചുള്ള ചെക്കിംഗ് ഏർപ്പാടിന് ഒരു സമയം നിശ്ചയിക്കണം. ചെക്ക് ചെയ്തു ചെക്ക്ഡ് എന്നുള്ള സ്ലിപ്പ് ഒട്ടിച്ചാൽ രണ്ടുമൂന്നു മാസം പിന്നെ അവരെ ശല്യപ്പെടുത്താതിരിക്കണം. അങ്ങനെ ഈ ഏർപ്പാട് അവസാനിപ്പിക്കണം. ഈ ഡ്രൈവർമാരെ ജോലിചെയ്തു ജീവിക്കാൻ അനുവദിക്കണം എന്നു ഞാൻ അപേക്ഷിക്കുകയാണ്.

ഗതാഗതവകുപ്പു മന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, വളരെ സുദീർഘമായൊരു ശ്രദ്ധക്ഷണികലൊണ് ഇവിടെ ശ്രീ. പീതാംബരൻമാസ്റ്റർ നടത്തിയത്. ഇവിടെ എഴുതിത്തന്നിട്ടുള്ള നോട്ടീസിൽ പറയുന്ന വിഷയത്തിൽമാത്രം ഒതുങ്ങിനിന്നുകൊണ്ട് മറുപടി പറയുവാനാണ് ഞാനാഗ്രഹിക്കുന്നത്. ഇവിടെ അഞ്ചു ലക്ഷത്തോളം ടാക്സി തൊഴിലാളികൾ—ഡ്രൈവർമാർ—ഈ മേഖലയിൽ പണിയെടുക്കുന്നുവെന്ന് ശ്രദ്ധക്ഷണികൽ അവതരിപ്പിച്ചുകൊണ്ട് ശ്രീ. പീതാംബരൻമാസ്റ്റർ പറയുകയുണ്ടായി. 1985 ഡിസംബർ 31 വരെ കേരളത്തിൽ കാറുകളായും, മോട്ടോർ സൈക്കിളുകളായും, ബസ്സുകളായും,

LIBRARY ARCHIVES Kerala Legislative Assembly

മിനിബസ്സുകളായും എല്ലാം ചേർത്ത് ഏതാണ്ട് മൂന്നുലക്ഷത്തി അൻപത്തിനാലായിരം വെഹിക്കിളുകളാ മാത്രമാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അതുകൊണ്ട് അഞ്ചുലക്ഷം ടൂറിസ്റ്റ് ടാക്സികളും അതിലെ ഡ്രൈവർമാരും ഉണ്ടെന്നുള്ളത് എത്രകണ്ട് ശരിയാണെന്ന് എനിക്കറിയുകയില്ല. വെഹിക്കിൾസിന് പ്രത്യേകമായ പിഴ ഈടാക്കി ഗവൺമെന്റിലേയ്ക്ക് അടയ്ക്കണമെന്ന് പോലീസിന് പ്രത്യേകമായൊരു നിർദ്ദേശം കൊടുത്തുവെന്ന് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. ഈ വാഹനങ്ങളാ പരിശോധിക്കുന്നത് മോട്ടോർ വെഹിക്കിൾസ് ആക്ടിലെയും ട്രാഫിക് നിയമത്തിലെയും ക്രിമിനൽ നടപടി നിയമത്തിലെയും ചില പ്രത്യേക വകുപ്പുകളെ ആധാരമാക്കിയാണ്. മോട്ടോർ വെഹിക്കിൾസ് ആക്ടിലെ സെക്ഷൻ 26 അനുസരിച്ച് വണ്ടികളാ രജിസ്റ്റർ ചെയ്യുമ്പോഴോ വണ്ടികളാ റിന്യൂ ചെയ്യാൻ ചെല്ലുമ്പോഴോ ഇന്നയിന്ന കാര്യങ്ങളാ ചെയ്തിരിക്കണമെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ടാക്സിയായിരുന്നാലും നോൺ ട്രാൻസ്പോർട്ട് വെഹിക്കിളുകളായിരുന്നാലും ട്രാൻസ്പോർട്ട് വെഹിക്കിളുകളായിരുന്നാലും അത് പാലിക്കപ്പെടുന്നില്ലെന്നുള്ളത് മനസ്സിലാക്കിക്കൊണ്ടുതന്നെ, ആ സെക്ഷനിൽ പറയുന്ന ചില കാര്യങ്ങളിൽ ചിലർക്ക് അഭിപ്രായവ്യത്യാസമുണ്ടായിരുന്നുവെന്നുള്ളതുകൊണ്ടുതന്നെ ഇതിനെസംബന്ധിച്ച് ഒരു സ്റ്റാറ്റ്യൂട്ടറി റൂൾസ് ആൻറ് ഓർഡേഴ്സ് തയ്യാറാക്കി 1985 സെപ്തംബർ 19—ാം തീയതി പബ്ലിഷ് ചെയ്യുകയുണ്ടായി. ഇത് പബ്ലിഷ് ചെയ്യുന്നതിനുമുമ്പുതന്നെ ഇങ്ങനെയൊരു എസ്.ആർ.ഒ. പബ്ലിഷ് ചെയ്യാൻപോകുന്നുവെന്ന് നോട്ടിഫിക്കേഷൻ കൊടുക്കുകയും ഒബ്ജക്ഷൻസ് വാങ്ങിക്കുകയും ആ ഒബ്ജക്ഷൻസ് ഗവൺമെൻറ് ഹിയർ ചെയ്യുകയുംചെയ്തശേഷമാണ്, ഇതിനെ സംബന്ധിച്ച് പരാതികളുള്ള എല്ലാ വിഭാഗം ജനങ്ങളിൽനിന്നും കേൾക്കേണ്ടവ കേട്ടതിനുശേഷമാണ്, 1985 സെപ്തംബർ 19—ന് ഈ എസ്.ആർ.ഒ. ഇഷ്യൂ ചെയ്തിട്ടുള്ളത്. 1982—ലെ അമൻഡ്മെൻറ് ആക്ടിലെ സെക്ഷൻ 26—ൽ വരുന്ന വീഴ്ചകളെ സംബന്ധിച്ചും 112, 113, 113 (എ) തുടങ്ങി 127 വരെയുള്ളതിൽ കോംപൗണ്ട് ചെയ്യുന്ന ഉദ്യോഗസ്ഥൻമാർ എന്തെല്ലാം പിഴകളാ ഈടാക്കണമെന്നുള്ളതിനെ സംബന്ധിച്ചും വളരെ വ്യക്തമായി ഈ എസ്.ആർ.ഒ. യിൽ പറഞ്ഞിട്ടുണ്ട്. ഇത് വളരെ നിർബന്ധമായും എൻഫോഴ്സ് ചെയ്യണമെന്നാണ് ഗവൺമെൻറ് ആഗ്രഹിക്കുന്നത്. പത്രങ്ങളിൽ ദിവസേന വായിക്കുന്ന കാര്യങ്ങളാണിതൊക്കെ. വളരെയേറെ റോഡപകടങ്ങളാ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. വാഹനങ്ങളാ കൃത്യമായി മെയിൻറനൻസ് നടത്താത്തതുകൊണ്ടും അതിൽ അത്യാവശ്യം വേണ്ട ഉപകരണങ്ങളാ വയ്ക്കാത്തതുകൊണ്ടും രാത്രികാലങ്ങളിൽ ലൈറ്റ് ആൻറ് ഡിം സൗകര്യങ്ങളാ ഉപയോഗപ്പെടുത്താത്തതുകൊണ്ടും അനുവദിച്ചുകൊടുത്തിട്ടുള്ള ക്യാരീയിംഗ് കപ്പാസിറ്റിയെക്കാളാ കൂടുതൽ ഓവർലോഡ് കയറ്റുന്നതുകൊണ്ടും വളരെയേറെ റോഡപകടങ്ങളാ ഉണ്ടാകുന്നു. കാൽനടയാത്രക്കാർക്കും വാഹനയാത്രക്കാർക്കും ധാരാളം അപകടങ്ങളാ ഉണ്ടാകുന്നു. അതുമാത്രമല്ല, നമ്മുടെ ചെക്ക്പോസ്റ്റുകളാ വഴി കടന്നുവരുന്ന വാഹനങ്ങളായിരുന്നാലും നമ്മുടെ സംസ്ഥാനത്തിനകത്തുള്ള വാഹനങ്ങളായിരുന്നാലും പലപ്പോഴും വാഹനനികുതികളടയ്ക്കാതെ ഒഴിഞ്ഞുമാറുന്ന ഒരു സ്ഥിതിവിശേഷമുണ്ടായിട്ടുണ്ട്. അതുമനസ്സിലാക്കിക്കൊണ്ട് യാത്രക്കാരുടെ സുരക്ഷിതത്വത്തിനുവേണ്ടിയും, ഗവൺമെൻറിലേയ്ക്ക് അടഞ്ഞുകിട്ടുവാനുള്ള നികുതിയിൽനിന്ന് ഒഴിഞ്ഞുമാറിപ്പോകുന്നവരെ പിടികൂടുന്നതിന് വേണ്ടിയുമാണ് ഈ എസ്.ആർ.ഒ. അനുസരിച്ച് ഇങ്ങനെ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്. അസിസ്റ്റൻറ്

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെയും ട്രാഫിക് വിഭാഗത്തിലെ സബ്ഇൻസ്പെക്ടർമാരെയും അതിനുമുകളിൽ സർക്കിൾഇൻസ്പെക്ടർമാരെയും ഇതിനുവേണ്ടി ചുമതലപ്പെടുത്തിയിട്ടുണ്ട്. ഓവർലോഡ് കയറ്റിയെന്ന കാരണത്താലോ വാഹനങ്ങൾക്ക് അത്യാവശ്യംവേണ്ട ഉപകരണങ്ങളില്ലെന്നുള്ള കാരണത്താലോ ഏതെങ്കിലുമൊരു വാഹനം കണ്ടെത്തി ശിക്ഷിക്കപ്പെട്ടുകഴിഞ്ഞാൽ വ്യക്തമായും കൃത്യമായും പ്രശ്നങ്ങൾ പരിഹരിച്ചതിനുശേഷമേ ആ വണ്ടി ഓടിയ്ക്കുവാൻ പാടുള്ളൂവെന്നുണ്ട്. ആ കുറ്റകൃത്യം പരിഹരിക്കപ്പെടാതെ വീണ്ടും റോഡിൽ വണ്ടിയിറക്കിയാൽ വീണ്ടും ക്രിമിനൽ നിയമ നടപടി വരും. 300—ാം വകുപ്പനുസരിച്ച് അത് ശിക്ഷാർഹമാണ്. ഇവിടെ ബഹുമാനപ്പെട്ട പീതാംബരൻമാസ്റ്റർ ചില കാര്യങ്ങൾ പറയുകയുണ്ടായി. ടാക്സിത്തൊഴിലാളികളുടെയും ഡ്രൈവർമാരുടെയും വിഷമങ്ങളും ബുദ്ധിമുട്ടുകളും ഈ ഗവൺമെന്റിന് നന്നായി അറിയാം. അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തണമെന്ന ആഗ്രഹമുണ്ട്. ടാക്സിതൊഴിലാളികൾ സാമൂഹ്യദ്രോഹികളാണെന്ന് ഈ ഗവൺമെന്റിനഭിപ്രായമില്ല. അവർ ജീവിക്കുവാൻവേണ്ടി പണിയെടുക്കുന്ന ആത്മാഭിമാനമുള്ള തൊഴിലാളികളാണെന്ന് ഈ ഗവൺമെന്റിന് ഉത്തമ ബോദ്ധ്യമുണ്ട്. അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗവൺമെന്റ് ശ്രമിക്കുന്നതാണ്.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ: ഞാൻ പറഞ്ഞ പ്രധാനപ്പെട്ട ഒരുകാര്യം ഈ രേഖകളും പെർമിറ്റുകളുമൊക്കെ ദിവസേന പരിശോധിക്കുന്നുവെന്നുള്ളതിനെപ്പറ്റിയാണ്. ഒരിക്കൽ പരിശോധിച്ചുകഴിഞ്ഞാൽ, 'പരിശോധിച്ചു' എന്ന് സ്റ്റിക്കർ ഒട്ടിച്ചുകഴിഞ്ഞാൽ തുടർന്ന് ഒന്നുരണ്ടു മാസം ആ കാര്യങ്ങൾ പരിശോധിക്കുന്നതിൽനിന്നും അവരെ ഒഴിവാക്കിക്കൂടേ? അതിനൊരു നിർദ്ദേശം കൊടുക്കുന്നതിന് തയ്യാറാകുമോ?

ശ്രീ. പി. കെ. വേലായുധൻ: ഒരു സ്പോട്ടിൽവച്ച് പരിശോധിച്ചതിനുശേഷം ആ വണ്ടി പോകുമ്പോൾ ആ കുറ്റത്തിന് വിധേയമായ വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്താതെ മറ്റൊരു സ്ഥലത്തുവച്ച് വീണ്ടും ശിക്ഷിക്കപ്പെടുന്നുവെന്നുള്ളതാണ് കുറ്റം. അപ്പോൾ ഈ വണ്ടിയിൽ വരുന്ന കുറവുകൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നില്ലെന്നുള്ളതുകൊണ്ടാണ് ആ വണ്ടി വീണ്ടും ശിക്ഷയ്ക്ക് വിധേയമാകുന്നത്. ഇത് വളരെ വ്യക്തമാണ്. എത്രയായിരുന്നാലും ഇത് പരിശോധിക്കുന്നതാണ്.

(2) ഭേത—പറവ സമുദായത്തിൽനിന്നും ലത്തീൻ കത്തോലിക്ക സമുദായത്തിലേക്ക് മത പരിവർത്തനം ചെയ്യപ്പെട്ട വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. തോപ്പിൽ രവി: സർ, ഭേത—പറവ വിഭാഗങ്ങളിൽ നിന്നും ലാറ്റിൻകത്തോലിക്കാ സമുദായത്തിലേയ്ക്ക് മതപരിവർത്തനം ചെയ്ത ആളുകളുടെ കുട്ടികൾക്ക് കഴിഞ്ഞ ഏതാനും വർഷങ്ങളായി ലഭിച്ചുകൊണ്ടിരുന്ന ലംപ്സം ഗ്രാന്റ് തുടങ്ങിയ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കഴിഞ്ഞ രണ്ടുമൂന്നുവർഷക്കാലമായി നേരിടുന്ന ബുദ്ധിമുട്ടുകൾ ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ കാര്യം ഇതിനുമുമ്പും ഈ സഭയിൽ ഞാൻ ഉന്നയിച്ചിട്ടുള്ളതാണ്. എന്നിട്ടും ഈ പാവപ്പെട്ട കുട്ടികൾക്ക് ലഭിക്കേണ്ട വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിൽ അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾക്ക് ഒരു പരിഹാരമുണ്ടായിട്ടില്ല. വർഷങ്ങളായി ലഭിച്ചുപോരുന്ന ഒരു ആനുകൂല്യ

LIBRARY ARCHIVES Kerala Legislative Assembly